ജോലി ചെയ്യുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഏതൊക്കെ തസ്തികകളിൽ എന്ന് വ്യക്തമാക്കാമോ ;

(ജി) താൽക്കാലിക അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ഈ സ്ഥാപനങ്ങളിൽ ജോലിക്ക് ആളെ നിയമിച്ചിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ഓരോ സ്ഥാപനത്തിലും എത്രപേരെ വീതം നിയമിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ഐ) മേൽ സ്ഥാപനങ്ങൾ ഇപ്പോൾ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ അക്കാഡമികൾക്ക് ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ഗ്രാന്റായി അനുവദിച്ചുവരുന്നു.

(ബി-ഐ) ഓരോ സ്ഥാപനത്തെയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

സാംസ്ക്കാരിക സ്മാരകങ്ങളുടെ സംരക്ഷണം

65 (1119) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാംസ്ക്കാരിക സ്മാരകങ്ങൾ ഉചിതമായി സംരക്ഷിക്കുന്നതിനും പുതിയ സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുമുള്ള എന്തെങ്കിലും പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പരിപാടി അനുസരിച്ച് ഏതെല്ലാം സ്മാരകങ്ങളുടെ വികസനമാണ് സർക്കാർ ഏറ്റെടുത്തിട്ടുള്ളത് ;

(ഡി) ഇതിൽ ഏതെല്ലാം സ്മാരകങ്ങളുടെ വികസനമാണ് ഇതിനകം പൂർത്തീകരിച്ചിട്ടുള്ളത് ;

(ഇ) ഇതിനായി കഴിഞ്ഞ ബഡ്ജറ്റിൽ എന്തു തുകയാണ് നീക്കി വച്ചിരിക്കുന്നതെന്നും ഇതിൽ എന്തു തുക ചെലവഴിച്ചു എന്നും വിശദമാക്കുമോ ?

ഉത്തരം

(എ-ഇ) സംസ്ഥാനത്തെ സാംസ്ക്കാരിക സ്മാരങ്ങളുടെ സംരക്ഷണത്തിനും അവയുടെ വികസന പ്രവർത്തനങ്ങൾക്കുമായി സാംസ്ക്കാരിക വകുപ്പിൽ നിന്നും വാർഷിക ഗ്രാന്റ് നൽകിവരുന്നുണ്ട്. പുതുതായി സ്മാരകം പണിയുന്നതിനുള്ള പദ്ധതികളൊന്നും താൽക്കാലം

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പരിഗണനയിലില്ല. വാർഷിക ധനസഹായം നൽകിവരുന്ന സ്മാരകങ്ങളുടെ പേരും തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.* സ്മാരകങ്ങൾക്ക് വാർഷിക ധനസഹായം നൽകുന്നതിലേയ്ക്കായി 2003-2004 ബഡ്ജറ്റിൽ പ്ലാൻഫണ്ടിൽ 10 ലക്ഷം രൂപയും നോൺ പ്ലാൻ ഫണ്ടിൽ 13.32 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ തുകയിൽ നിന്നും 1,35,000 രൂപ ഇതുവരെ വിവിധ സ്മാരകങ്ങൾക്ക് നൽകിയിട്ടുണ്ട്.

സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങൾ

66 (1120) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) സാംസ്ക്കാരിക സ്ഥാപനങ്ങളിൽ സ്വയം ഭരണാവകാശമുള്ളവ ഏതൊക്കെയാണെന്നും, സർക്കാരിന്റെ നേരിട്ടുള്ള ഭരണത്തിലുള്ളവ ഏതൊക്കെയാണെന്നും തരംതിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സ്ഥാപനത്തിന്റെയും ഭരണ സമിതിയിലേയ്ക്ക് ആരെയൊക്കെ നോമിനേറ്റ് ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ നിയമിച്ച സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ഭരണ സമിതി അംഗങ്ങൾ, ചെയർമാൻ, വൈസ് ചെയർമാൻ, അംഗങ്ങൾ എന്നീ വിഭാഗങ്ങളിൽ ഏതിൽ നിന്നെല്ലാം കാലാവധി കഴിയുന്നതിനുമുമ്പ് ആരൊക്കെ രാജിവെച്ചുവെന്നും ആരെയൊക്കെ പിരിച്ചയച്ചുവെന്നും വേർതിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ് :

കേരള സംസ്ഥാന സർവവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, കേരളാ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സംസ്ഥാന ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റി, കേരള ചലച്ചിത്ര അക്കാഡമി, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, ഭാരത് ഭവൻ, വാസ്തുവിദ്യാ ഗുരുകുലം, ഗുരു ഗോപിനാഥ് നടന ഗ്രാമം, മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം, കുഞ്ചൻ നമ്പ്യാർ മെമ്മോറിയൽ അമ്പലപ്പുഴ, കുഞ്ചൻ നമ്പ്യാർ മെമ്മോറിയൽ കിള്ളിക്കുറിശ്ശി മംഗലം, ഗോവിന്ദ പൈ മെമ്മോറിയൽ, മൂലൂർ മെമ്മോറിയൽ,

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly